**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **16-09-2025 - ൽ മറുപടിയ്ക്ക്**

**ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ? | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമായ പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണംചെയ്യുന്നു.<br><br>പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ദേവികുളം താലൂക്കിലെ വട്ടവട, മറയൂർ, കാന്തല്ലൂർ എന്നീ പഞ്ചായത്തുകളിലായി വൽസപ്പെട്ടി, കൂടല്ലാർ, വെള്ളക്കൽ, പുതുക്കുടി, ചെമ്പക്കാട്, പാളപ്പെട്ടി പൊങ്ങംപള്ളി, വണ്ണാന്തറ, പ്ളാമല, കടക്കൽ, ഒള്ളവയൽ, കല്ലാർ പുതുക്കാട് ഡിവിഷൻ, കടലാർ ഈസ്റ്റ് വെസ്റ്റ്, നയമക്കാട് എന്നീ ഉന്നതികളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി പ്രകാരം റേഷൻകടകളിൽ നിന്നും റേഷൻ സാധനങ്ങൾ ഉന്നതികളിൽ എത്തിച്ച് കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>2. കെസ്റ്റോർ - റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേനെ പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. ദേവികുളം താലൂക്കിലെ 32 റേഷൻ കടകളെ കെ- സ്റ്റോറുകൾ ആയി മാറ്റിയിട്ടുണ്ട്.<br><br>3. ദേവികുളം താലൂക്കിലെ അതിഥി തൊഴിലാളികൾക്ക് അവരവരുടെ പ്രാദേശിക ഭാഷയിലുള്ള റേഷൻ റൈറ്റ് കാർഡുകൾ വിതരണം ചെയ്തു വഴി അവർക്കുള്ള റേഷൻ ഉറപ്പാക്കിയിട്ടുണ്ട്.<br><br>4. പൊതുവിതരണ വകുപ്പിന്റെ മേൽനോട്ടത്തിൽ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേക്ക് റേഷൻ സാധനങ്ങൾ എത്തിച്ച് നൽകുന്നു. |

സെക്ഷൻ ഓഫീസർ